പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം,
ഹൗസിങ് ബോർഡ് ബിൽഡിങ്സ്,
ശാന്തിനഗർ, തിരുവനന്തപുരം
ഫോൺ: 0471-2323198

നം.എസിഡി എസ്.പി.സി(1)/179644/2020/എച്ച്.എസ്.ഇ.1 തീയതി. 13/01/2021

## സർക്കുലർ

**വിഷയം-** പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി. - മെറിറ്റ്-കം-മീൻസ് (ബി.പി.എൽ.) സ്കോളർഷിപ്പ് 2020-21 - ജനറൽ വിഭാഗത്തിനുള്ള തുക വിതരണവും ആർട്സ്/ സ്പോർട്സ്/ ഭിന്നശേഷി വിഭാഗം-സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതും - സംബന്ധിച്ച്.

മെറിറ്റ്-കം-മീൻസ് (ബി.പി.എൽ.) സ്കോളർഷിപ്പിന്റെ ജനറൽ കാറ്റഗറിയ്ക്ക് തുക അനുവദിച്ചുള്ള ഉത്തരവ് സ്കോളർഷിപ്പ് പോർട്ടലിൽ ലഭ്യമാണ്. 28/02/2020 നകം വിതരണം ചെയ്തില്ലെങ്കിൽ തുക ലാപ്സാകുന്നതാണ് എന്ന ശ്രദ്ധയിൽപ്പെടുത്തുന്നു. സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടിക പോർട്ടലിൽ സ്കൂൾ ലോഗിനിൽ ലഭ്യമാണ്.

ആർട്സ്/സ്പോർട്സ്/ഭിന്നശേഷി വിഭാഗം സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളിൽ നിന്നും അർഹരായവരെ തെരഞ്ഞെടുക്കുന്നതിനായി പ്രസ്തുത വിദ്യാർത്ഥികളുടെ അർഹത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാർഡ്കോപ്പിയായി പൊതുവിദ്യാഭ്യാസ വകുപ്പ് (ഹയർ സെക്കൻഡറി വിഭാഗം) ഡയറക്ടറേറ്റിൽ **25/01/2021 വൈകിട്ട് 5 മണിക്കകം** ലഭ്യമാക്കേണ്ടതാണ്.

<u>തെരഞ്ഞെടുപ്പിനായി സമർപ്പിക്കേണ്ടവ:</u>

1) അപേക്ഷ സമർപ്പിച്ച ഓൺലൈൻ പ്രിന്റൗട്ട്
2) അർഹത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ
   (ആർട്സ്/സ്പോർട്സ് എന്നീ ഇനങ്ങളിലെ സംസ്ഥാന-ദേശീയതല മത്സരങ്ങളിൽ നേടിയ സർട്ടിഫിക്കറ്റ്, 40%-ൽ കുറയാത്ത ഭിന്നശേഷി തെളിയിക്കുന്ന അംഗീകൃത മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് തുടങ്ങിയവ)

**<u>NB</u>:** വിദ്യാർത്ഥികൾ പൂരിപ്പിച്ചു നൽകിയ അപേക്ഷാഫോം ഇതോടൊപ്പം നൽകേണ്ടതില്ല. സർട്ടിഫിക്കറ്റുകൾ അയയ്ക്കുന്ന കവറിനു പുറത്ത് **'BPL Scholarship'** എന്ന് എഴുതേണ്ടതാണ്.

ഒപ്പ്

ജോയിന്റ് ഡയറക്ടർ
(അക്കാഡമിക്)